## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : * 317 | 23.06.2014-ൽ മറുപടിക്ക്.

# ക്രിമിനൽ ട്രാക്കിംഗ് ആന്റ് നെറ്റ്‌വർക്ക് സിസ്റ്റം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത്, ദേശീയ പദ്ധതിയായ ക്രിമിനൽ ട്രാക്കിംഗ് ആൻഡ് നെറ്റ് വർക്ക് സിസ്റ്റം നിലവിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | : (എ) സംസ്ഥാനത്ത് ക്രൈം ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം (CCTNS) നടപ്പിലാക്കിയിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരം സിറ്റി, എറണാകുളം സിറ്റി, എറണാകുളം റൂറൽ, മലപ്പുറം, വയനാട്, പാലക്കാട്, കാസർഗോഡ് എന്നീ 7 പോലീസ്ജില്ലകളിലെ 172 പോലീസ് സ്റ്റേഷനുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മറ്റ് ജില്ലകളിൽ ഉടൻ തന്നെ പദ്ധതി നടപ്പിലാക്കുന്നതാണ്. |
| (ബി) ഇത് വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ; | : (ബി) ഇന്ത്യയിലെ കേന്ദ്രഭരണ പ്രദേശങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സംസ്ഥാനങ്ങളിലെയും പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ് വർക്കിലൂടെ ബന്ധിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതോടെ രാജ്യത്തെ വിവിധ പോലീസ് ഓഫീസുകൾക്ക് ഈ നെറ്റ് വർക്കിലൂടെ ബന്ധപ്പെട്ട് കേസുകളുടെ അന്വേഷണം വളരെ എളുപ്പത്തിൽ നടത്താൻ സാധിക്കും. സംസ്ഥാനാന്തര കുറ്റകൃത്യങ്ങൾ, മയക്കുമരുന്ന് മാഫിയ, മനുഷ്യകടത്ത് തുടങ്ങിയ കാര്യങ്ങളിൽ അന്യ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ ഇതിലൂടെ സാധിക്കും. |

(സി) സംസ്ഥാനത്ത് പ്രസ്തുത ദേശീയ പദ്ധതി എങ്ങനെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

: (സി) നിലവിൽ 7 പോലീസ് ജില്ലകളിലാണ് CCTNS നടപ്പിലാക്കിയിട്ടുള്ളത്. ഘട്ടം ഘട്ടമായി മറ്റ് ജില്ലകളിലേയ്ക്കും പ്രസ്തുത പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഈ പദ്ധതിയ്ക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, യു.പി.എസ്, ഡിജിറ്റൽ ക്യാമറകൾ, ഇലക്ട്രോണിക് പെൻ, നെറ്റ് വർക്കിംഗ് സംബന്ധമായ ഉപകരണങ്ങൾ, ഡാറ്റാ സെന്റർ ഉപകരണങ്ങൾ, ഫർണിച്ചറുകൾ, എയർ കണ്ടീഷനറുകൾ തുടങ്ങിയവ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ പഴയ എഫ്.ഐ ആറുകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനും ഈ പദ്ധതിയ്ക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. CCTNS ആപ്ളിക്കേഷനിൽ വിവിധ മോഡ്യൂളുകളുണ്ട്. ഇതിൽ ജനറൽ ഡയറി, എഫ്.ഐ.ആർ എന്നീ മോഡ്യൂളുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. മറ്റ് മോഡ്യൂളുകളായ Investigation, Prosecution എന്നിവ ഉടൻ നടപ്പിൽ വരുത്തുന്നതാണ്.

ഡി) രാജ്യത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും ബന്ധപ്പെട്ട മറ്റ് ഓഫീസുകളെയും കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

ഡി) രാജ്യത്തെ 14000 ൽ പരം പോലീസ് സ്റ്റേഷനുകളെയും, 6000 ൽ പരം മറ്റ് ഇതര പോലീസ് ഓഫീസുകളെയും സംസ്ഥാന തലത്തിലുള്ള ഡാറ്റാസെന്റർ, ദേശീയ ഡാറ്റാ സെന്റർ എന്നിവ വഴി ബന്ധിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതിയാണ് CCTNS. കേരളത്തിന്റെ ഡാറ്റാസെന്റർ തിരുവനന്തപുരം ടെക്നോപാർക്കിൽ സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ